# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5744 — 25-05-2017 ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

**ശ്രീ.പി.കെ.ശശി**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## നികുതി വരുമാനം

| | | |
|---|---|---|
| (എ) | ഈ സർക്കാരിന്റെ 2016-17ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനവും നികുതിയേതര വരുമാനവും എത്ര ശതമാനമെന്നും വളർച്ച/ പിരിവ് എത്ര ശതമാനമെന്നും കറൻസി പിൻവലിക്കലിന് മുൻപും ശേഷവുമുള്ള കണക്ക് എത്രയെന്നും വിശദാംശം ലഭ്യമാക്കുമോ; | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം തനത് നികുതി വരുമാനത്തിൽ 4.81 ശതമാനവും തനത് നികുതിയേതര വരുമാനത്തിൽ 27.19 ശതമാനവും വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. 2016 ഡിസംബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98 ശതമാനവും നികുതിയേതര ഇനത്തിൽ 16.47 ശതമാനവും വളർച്ച നേടുവാൻ കഴിഞ്ഞുവെങ്കിലും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധി കാരണം ഡിസംബർ മാസത്തെ നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് 2.35 ശതമാനവും നികുതിയേതര ഇനത്തിൽ വളർച്ചാ നിരക്ക് (-)16.67 ശതമാനവുമാണ്. |
| (ബി) | കറൻസി പിൻവലിക്കൽ മൂലം സംസ്ഥാനത്തിന് സംഭവിച്ച നികുതി/ നികുതിയേതര വരുമാനക്കുറവ് എത്ര എന്നും ഇത് നേരിടാൻ എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചുവോ എന്നും ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സഹായം ലഭിക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനു പുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. എന്നിരുന്നാലും നോട്ട് നിരോധനം മൂലം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | കറൻസി നിരോധനം നാളിതുവരെ കാർഷിക വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയെ എത്തരത്തിൽ ബാധിച്ചു എന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി സഹകരണ മേഖലയെ സംരക്ഷിക്കാൻ ധനവകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ; | നോട്ട് നിരോധനം കാർഷിക വ്യാവസായിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയെ വൻ പ്രതിസന്ധിയിലേക്ക് തള്ളിയിടുകയാണ് ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ അവസരോചിതമായ ഇടപെടലുകൾ ഈ മേഖലയിലെ പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി. കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി നടപ്പു വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**